വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) പഞ്ചായത്തിലെ ഫുൾടൈം കണ്ടിജൻസി ജീവനക്കാർക്ക് 196 കെ. മിനിമം ശമ്പളം നൽകണമെന്നുള്ള യാതൊരു ഉത്തരവും ഇതേവരെ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

ഹെൽത്ത് സർവ്വീസ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് തസ്തികകളുടെ മാറ്റം

*243 [258] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹെൽത്ത് സർവ്വീസ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് തസ്തികകളും ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലേക്ക് മാറ്റുന്നതു സംബന്ധിച്ച പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരൊക്കെ പരാതി സമർപ്പിച്ചിട്ടുണ്ട്;

(സി) ഇവരിൽ ആരെങ്കിലുമായി ഇക്കാര്യത്തെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരോടെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) കേരളാ എൻ.ജി.ഒ. യൂണിയൻ, എൻ.ജി.ഒ. അസോസിയേഷൻ, ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എൻ. ജി. ഒ. അസോസിയേഷൻ, ജോയിൻറ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വന്റ്സ് ഓർഗനൈസേഷൻസ്, ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർ എന്നിവരിൽ നിന്നെല്ലാം പരാതി ലഭിച്ചിട്ടുണ്ട്.

(സി ആൻറ് ഡി) ഇവരിൽ ആരുമായും ഇതുവരെ ചർച്ച നടത്തിയിട്ടില്ല.

ചെമ്മീൻ വളർത്തൽ പരിപാടി

*244 [259] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ടുമെൻറിൽ നിന്നും ചെമ്മീൻ വളർത്തൽ പരിപാടി എത്ര സ്ഥലത്തു ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ വർഷം പുതിയതായി എത്ര സ്ഥലത്തുകൂടി ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു;

(ഡി) അതിനുവേണ്ടി നിശ്ചയിച്ച സ്ഥലങ്ങൾ ഏതെല്ലാം ജില്ലകളിൽ എവിടെയൊക്കെ എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly